ദൈവസ്നേഹത്തിൽ മുഴുകിയതായിരുന്നു. ദൈവാനുരാഗത്തിന്റെ ആ ദൃശ്യങ്ങൾ കണ്ട് മക്കയിലുള്ളവർ പോലും പറയുമായിരുന്നു:

اِنَّ محمدًا عَشِقَ ربَّهُ

മുഹമ്മദ് (സ) തന്റെ രക്ഷിതാവിന്റെ പ്രേമിയായി മാറിയിരിക്കുന്നു. ഇതായിരുന്നു നബിതിരുമേനി(സ)യുടെ ചര്യയും അല്ലാഹുവിനോടുള്ള സ്നേഹത്തിന്റെ മാതൃകയും, അതിന്റെ ചില ഉദാഹരണങ്ങളാണ് ഞാൻ സമർപ്പിച്ചത്. ഈ മാതൃകയുടെ സ്വാധീനം കാരണമാണ് സ്വഹാബികളിൽ ഒരു വിപ്ലവം ഉണ്ടായത്. മുമ്പു സങ്കൽപ്പിക്കാൻ പോലും കഴിയാത്ത അത്രയും വലിയൊരു സ്ഥാനം അവർക്ക് ലഭിച്ചു. ഹദ്റത്ത്മസീഹ്മൗഊദ്(അ)മുമ്പ്പ്രസ്താവിച്ചതുപോലെ, നബിതിരുമേനി(സ)യുടെ സത്യദാസനായ ഹദ്റത്ത് മസീഹ് മൗഊദ്(അ) സ്വീകരിച്ചത് ഇതേ പൂർണവും സമ്പൂർണവുമായ അധ്യാപനമാണ്. അദ്ദേഹം ഒരിടത്ത് ഇപ്രകാരം പ്രസ്താവിക്കുന്നു, നബിതിരുമേനി(സ)യെ പൂർണമായി പിന്തുടർന്നതിനാലാണ് അല്ലാഹു തന്നെ അനുഗ്രഹിച്ചത്.

നമ്മൾ നബിതിരുമേനി(സ)യുടെ യഥാർഥ അനുയായികളാണെന്ന്അവകാശപ്പെടുന്നവരും അവിടത്തെ സത്യസന്ധനായ ദാസന്റെ കൈകളിൽ ബൈഅത്ത് ചെയ്ത് നമ്മുടെ ജീവിതം ദൈവകല്പനകൾക്ക് അനുസൃതമായി മാറ്റാൻ കരാർ ചെയ്തിട്ടുള്ളവരുമാണ്. അതിനാൽ ഓരോ കാര്യവും അല്ലാഹുവിനായി മാത്രം ചെയ്യാനുംഅവന്റെസ്നേഹത്തിൽമുന്നേറാനും നമ്മൾ ശ്രദ്ധിക്കണം. അല്ലാഹു നമുക്ക് അതിന് തൗഫീഖ് നല്കട്ടെ.

പാകിസ്താനിലെ അഹ്മദികൾക്കായി ഈ ദിവസങ്ങളിൽ പ്രാർഥിക്കുക. രണ്ട് ദിവസം മുമ്പ് മുബാറക് സാനി സാഹിബിന്റെ കേസിൽ സെഷൻസ് ജഡ്ജി അദ്ദേഹത്തിന് ജീവപര്യന്തം തടവ് വിധിച്ചിരിക്കുന്നു. ഖുർആൻ കൈവശം വച്ചു, അത് വായിക്കുകയും കുട്ടികളെ പഠിപ്പിക്കുകയും ചെയ്തു എന്നതാണ് ആരോപണം. എന്തായാലും നമുക്ക് പ്രാർഥിക്കാം, അല്ലാഹു അവരെ എത്രയും വേഗം പിടികൂടട്ടെ. അല്ലാഹുവിന്റെ ശിക്ഷ തീർച്ചയായും അവർക്ക് ലഭിക്കുന്നതാണ്. അതിന്റെ ലക്ഷണങ്ങൾ കണ്ടുതുടങ്ങിയിട്ടുണ്ട്. എങ്കിലും നമ്മുടെ പ്രാർഥനകളിലോ ആരാധനകളിലോ ഉള്ള കുറവുകൾ കാരണം അതിൽ താമസം വരാതിരിക്കാൻ നമ്മൾ ശ്രദ്ധിക്കണം. നബിതിരുമേനി(സ) പോലും കാർമേഘങ്ങൾ കാണുമ്പോൾ ഭയത്തോടെ പ്രാർഥിക്കുമായിരുന്നു. അതിനാൽ പ്രാർഥനകളിൽ അതീവ ശ്രദ്ധ പുലർത്തേണ്ടതുണ്ട്. അതുപോലെ ലോകത്തെമ്പാടുമുള്ള മർദ്ദിതർക്കായി പ്രാർഥിക്കുക, അല്ലാഹു എല്ലാവർക്കും സമാധാനം നല്കുകയും കുഴപ്പങ്ങളിൽ നിന്ന് രക്ഷിക്കുകയും ചെയ്യട്ടെ.

നമസ്കാരത്തിന് ശേഷം ഞാൻ രണ്ട് ജനാസ ഗായിബ് നമസ്കരിപ്പിക്കും. ഒന്നാമത്തേത് മൗലാന ജലാലുദ്ദീൻ നയ്യർ സാഹിബിന്റേതാണ്. അദ്ദേഹം ഖാദിയാനിലെ സദ്ർ അഞ്ചുമൻ അഹ്മദിയ്യായുടെ മുൻ പ്രസിഡന്റും മജ്‌ലിസ് തഹ്‌രീകെ ജദീദിന്റെ പ്രസിഡന്റും ആയിരുന്നു. കഴിഞ്ഞ ദിവസം അദ്ദേഹം വഫാത്താകുകയുണ്ടായി. ഇന്നാലില്ലാഹി വ ഇന്നാ ഇലൈഹി റജിഊൻ. അദ്ദേഹത്തിന്റെ പിതാവ് എച്ച്. ഹുസൈൻ സാഹിബ് ലോകമഹായുദ്ധ കാലത്ത് സൈന്യത്തിൽ ജോലി ചെയ്യുമ്പോഴാണ് 1922-ൽ ബസറയിൽ വച്ച് അഹ്മദിയ്യത്ത് സ്വീകരിച്ചത്. അദ്ദേഹം കേരളത്തിൽ നിന്ന് പ്രസിദ്ധീകരിച്ചിരുന്ന സത്യദൂതൻ മാസികയുടെ എഡിറ്ററായിരുന്നു. 1950-ൽ ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ ആഹ്വാനപ്രകാരം അദ്ദേഹം സകുടുംബം ഖാദിയാനിലേക്ക് താമസം മാറി. ഒരു വർഷത്തിനുള്ളിൽ അദ്ദേഹം വഫാത്തായി. ജലാലുദ്ദീൻ നയ്യർ സാഹിബിന്റെ മാതാവ് സുബൈദ സുൽത്താന സാഹിബ പിന്നീട് ഒരു ദർവേശായ ചൗധരി അബ്ദുൽ ഹഖ് സാഹിബിനെവിവാഹംകഴിച്ചു.ഖാദിയാനിൽപ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയ നയ്യർസാഹിബ് 1963-ൽ മൗലവി ഫാസിൽ പരീക്ഷ പാസായി. അഞ്ചുമനിൽ നിയമിതനായി. ദീർഘകാലം ഇൻസ്പെക്ടർബൈത്തുൽമാൽ ആയിസേവന മനുഷ്ഠിച്ചു. ഇന്ത്യയിലുടനീളമുള്ള ജമാഅത്തുകൾ അദ്ദേഹം സന്ദർശിക്കാറുണ്ടായിരുന്നു. അതിന്റെ ഫലമായി, വളരെ കഠിനാധ്വാനത്തോടും സ്നേഹത്തോടും കൂടി അദ്ദേഹം ജമാഅത്തംഗങ്ങളെ ചന്ദയുടെ സാമ്പത്തിക

